LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി ഐ. ടി. പാർക്ക്

312 (661) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(സി) ഐ.ടി. പാർക്ക് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ &ബി) തലശ്ശേരിയിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്താൻ KSITIL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ബാധകമല്ല.

കൊരട്ടി ഇൻഫോ പാർക്ക്

313 (662) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഇൻഫോ പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) കൂടുതൽ ഐ.ടി. കമ്പനികൾ കൊരട്ടി ഇൻഫോ പാർക്കിൽ പ്രവർത്തനം ആരംഭിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. പ്രത്യേക സാമ്പത്തിക മേഖലയിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടി 3.3 ലക്ഷം ച. അടി വിസ്തീർണ്ണത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്ന ബഹുനില ഐ.ടി. മന്ദിരം 2015 ജൂലൈയോടു കൂടി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. പ്രസ്തുത ഐ.ടി. മന്ദിരത്തിലേക്കാവശ്യമായ ഏകദേശം 2 MVA Power വൈദ്യുതി ലഭ്യമാക്കുന്നതിന് KSEB deposit work ആയി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.